മുതിർന്നവർക്കുള്ള ശബ്ബത്ത് സ്കൂൾ പാഠങ്ങൾ

# ക്രിസ്തുവിൽ ഒന്ന്

ഡെന്നിസ് ഫോർടിൻ

നാലാം ക്വാർട്ടർ
(ഒക്ടോബർ, നവംബർ, ഡിസംബർ)
2018

വിവർത്തനം: സി. ജെ. ആന്റണി

# ഉള്ളടക്കം


1. സൃഷ്ടിപ്പും പതനവും
(സെപ്തംബർ 29 - ഒക്ടോബർ 5) ........ 5.

2. അനൈക്യത്തിന്റെ കാരണങ്ങൾ
(ഒക്ടോബർ 6 - 12) ........ 13.

3. “അവർ എല്ലാവരും ഒന്നാകേണ്ടതിനു”
(ഒക്ടോബർ 13 - 19) ........ 22.

4. ഐക്യത്തിന്റെ താക്കോൽ
(ഒക്ടോബർ 20 - 26) ........ 32.

5. ആദിമസഭയിലെ ഐക്യ അനുഭവം
(ഒക്ടോബർ 27 - നവംബർ 2) ........ 40.

6. ഐക്യത്തിന്റെ ചിത്രങ്ങൾ (നവംബർ 3 - 9) ........ 49.

7. ഭിന്നതകൾ ഉണ്ടാകുമ്പോൾ (നവംബർ 10 - 16) ........ 58.

8. വിശ്വാസത്തിലെ ഐക്യം (നവംബർ 17 - 23) ........ 66.

9. ഏറ്റവും വിശ്വാസ്യമായ തെളിവ്
(നവംബർ 24 - 30) ........ 75.

10. ഐക്യവും തകർന്ന ബന്ധങ്ങളും
(ഡിസംബർ 1 - 7) ........ 84.

11. ആരാധനയിലെ ഐക്യം (ഡിസംബർ 8 - 14) ........ 92.

12. സഭാഘടനയും ഐക്യവും
(ഡിസംബർ 15 - 21) ........ 101.

13. ഐക്യത്തിന്റെ അന്തിമ വീണ്ടെടുപ്പ്
(ഡിസംബർ 22–28) ........ 109.

പാഠം 8

# വിശ്വാസത്തിലെ ഐക്യം

**ഈയാഴ്ചയിലെ പഠനത്തിനായി വായിക്കുക:** അ.പ്ര.4:8–12; അ.പ്ര.1:11; മത്താ.25:1 –13; എബ്രാ.9:11,12; പുറ.20:8–11; 1 കൊരി.15:51–54.

**മനഃപാഠവാക്യം: "മറ്റൊരുത്തനിലും രക്ഷ ഇല്ല; നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവും ഇല്ല" (അപ്പൊ. പ്രവർത്തികൾ 4:12).**

1888–ൽ സെവൻത് ഡേ അഡ്വന്റിസ്റ്റ് സഭ ചില സുപ്രധാന ബൈബിൾ വാക്യങ്ങളുടെ വ്യാഖ്യാനത്തെച്ചൊല്ലി രൂക്ഷ ചർച്ചകളിലൂടെ കടന്നുപോയി. പാസ്റ്റർമാരും സഭാ നേതാക്കന്മാരും ദാനീയേൽ 7–ലെ കൊമ്പുകളാരെന്നും ഗലാത്യർ 3:24–ലെ പത്തു ന്യായപ്രമാണത്തെക്കുറിച്ചും രൂക്ഷമായ തർക്കങ്ങളിലായിരുന്നു. അതിനിടയിൽ വിരോധ മനോഭാവം കൂട്ടായ്മയും സൗഹൃദവും തകർത്തു കളഞ്ഞത് ആരും തിരിച്ചറിഞ്ഞില്ല. അങ്ങനെ സഭയുടെ ഐക്യത്തിനും ദൗത്യത്തിനും കേടുപറ്റി.

എലൻ ജി. വൈറ്റ് ഈ അവസ്ഥയെക്കുറിച്ച് അതിയായി ദുഃഖിച്ചു. തർക്കത്തിലേർപ്പെട്ട ഓരോരുത്തരോടും യേശുവുമായുള്ള ബന്ധത്തെക്കുറിച്ചു ചിന്തിക്കാൻ ആവശ്യപ്പെട്ടു. യേശുവിനോടുള്ള സ്നേഹം നമ്മുടെ പെരുമാറ്റത്തിൽ, പ്രത്യേകിച്ച് മറ്റുള്ളവരുമായി വിയോജിപ്പിലാകുമ്പോൾ എങ്ങനെ പ്രദർശിപ്പിക്കണമെന്നും പറഞ്ഞു. കൂടാതെ ഓരോ ബൈബിൾ വാക്യത്തിന്റെയും വ്യാഖ്യാനത്തിൽ സഭയിലെ എല്ലാവരും ഒരുപോലെ യോജിക്കണമെന്നില്ലെന്നും പറഞ്ഞു.

എന്നാലോ സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിന്മേൽ സഭയുടെ ഐക്യം കാത്തുസൂക്ഷിക്കണമെന്നും വ്യക്തമാക്കി *(എലൻ ജി. വൈറ്റ്, കൗൺസൽസ് റ്റു റൈറ്റേഴ്സ് ആൻഡ് എഡിറ്റേഴ്സ്, പേജ് 28–32 കാണുക).* ഈയാഴ്ച നമ്മെ അഡ്വന്റിസ്റ്റുകാരാക്കുന്ന, വിശ്വാസത്തിൽ നമ്മുടെ ഐക്യം രൂപപ്പെടുത്തുന്ന ചില അടിസ്ഥാന പാഠങ്ങൾ പഠിക്കാം.

**ഞായർ** **നവംബർ 18**

## യേശുവിൽ രക്ഷ

സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ മറ്റ് ക്രൈസ്തവ സമൂഹങ്ങളുമായി പല സാമ്യങ്ങളുമുണ്ടെങ്കിലും നമ്മുടെ വിശ്വാസപ്രമാണങ്ങൾ ക്രിസ്തീയ ലോകത്തിലാർക്കുമില്ലാത്ത അതുല്യ തിരുവചന സത്യ പദ്ധതിയാണ്. ദൈവത്തിന്റെ അന്ത്യകാല ശേഷിപ്പെന്ന് വർണ്ണിക്കപ്പെടാൻ ഈ സത്യങ്ങൾ സഹായകമാകുന്നു.

**അ.പ്ര.4:8–12, 10:43 വായിക്കുക. രക്ഷാകര പദ്ധതി മനസ്സിലാക്കിയ പത്രൊസ് യേശുക്രിസ്തുവിന്റെ സ്ഥാനത്തിന് നൽകുന്ന പ്രാധാന്യം?**

പൗലൊസ് അപ്പൊസ്തലൻ കൊരിന്തുകാരൊട് പറഞ്ഞു, "ദൈവം ലോകത്തെ ക്രിസ്തുവിൽ തന്നോട് നിരപ്പിച്ചു പോന്നു" (2 കൊരി.5:19). പാപവും മരണവും

സൃഷ്ടിച്ച വിടവ് നികത്തുന്ന ക്രിസ്തുവിന്റെ മരണത്തിലൂടെയാണ് പിതാവുമായി രമ്യതയിലാകുന്നത്. യേശുവിന്റെ മരണം, ഉത്ഥാനം, വീണ്ടെടുപ്പ് എന്നിയുടെ അർത്ഥം നൂറ്റാണ്ടുകളായി ക്രിസ്ത്യാനികൾ തിരയുകയായിരുന്നു. വീണ്ടെടുപ്പിന്റെ ഈ പ്രക്രിയയെ ഒരു പഴയ ഇംഗ്ലീഷ് പദമായ 'atonement' *(അറ്റോൺമെന്റ് അർത്ഥം പ്രായശ്ചിത്തം)* എന്ന് വിളിച്ചു. അത് ഇങ്ങനെ പിരിച്ചെഴുതാം 'at-one-ment'. ഇത് ഒന്നായിരിക്കുക എന്ന അവസ്ഥയാണ് അല്ലെങ്കിൽ പരസ്പര സമ്മതത്തിലെത്തുക എന്നാണ്. അങ്ങനെ അറ്റോൺമെന്റ് സൂചിപ്പിക്കുന്നത് ബന്ധത്തിലെ സ്വരച്ചേർച്ചയാണ്. അതിൽ എപ്പോഴെങ്കിലും രസക്കേടുണ്ടായാൽ വീണ്ടും പൊരുത്തപ്പെടണമെങ്കിൽ അനുരഞ്ജനത്തിലൂടെയല്ലാതെ പറ്റില്ല. അങ്ങനെ സഭൈക്യമെന്നത് ഈ അനുരഞ്ജനത്തിന്റെ ഫലമാണ്.

**യേശുവിന്റെ മരണ ഉത്ഥാനങ്ങളുടെ അർത്ഥത്തെക്കുറിച്ച് ചുവടെയുള്ള വാക്യങ്ങൾ എന്ത് പഠിപ്പിക്കുന്നു?**

റോമ. 3:24,25; 1 യോഹ. 2:2; 1 യോഹ. 4:9, 10; 1 പത്രൊ. 2:21–24.

മറ്റ് പല ക്രിസ്തീയ സമൂഹങ്ങൾ വിശ്വസിക്കുന്നതു പോലെ തന്നെയാണ് നമ്മളും യേശുവിന്റെ മരണ പുനഃരുത്ഥാന വിശ്വാസം സൂക്ഷിക്കുന്നതെങ്കിലും "നിത്യസുവിശേഷ"ത്തിന്റെ (വെളി. 14:6) വെളിച്ചത്തിലാണ് നാമിത് പ്രഖ്യാപിക്കുന്നത്. അതെ, വെളിപ്പാട് 14:6–12 വാക്യങ്ങളിൽ പറയുന്ന ത്രിവിധ ദൂതിന്റെ ഭാഗമായ നിത്യസുവിശേഷം. സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ മറ്റൊരു ക്രിസ്തീയ വിഭാഗവും നൽകാത്തവിധം പ്രാധാന്യമാണ് ഈ ദൂതിന് നമ്മൾ നൽകുന്നത്.

**യേശുവിന്റെ മരണവും ഉത്ഥാനവും അതു തരുന്ന പ്രതീക്ഷയും നമുക്കു മുന്നിൽ സദാ ഉണ്ടാകാൻ എങ്ങനെ പഠിക്കാം?**

**തിങ്കൾ** **നവംബർ 19**

## യേശുവിന്റെ രണ്ടാം വരവ്

അപ്പൊസ്തലന്മാരും ആദിമ ക്രൈസ്തവരും യേശുവിന്റെ മടങ്ങിവരവിനെ "ഭാഗ്യകരമായ പ്രത്യാശ" (തീത്തൊസ് 2:12) ആയി കണ്ടു. രണ്ടാം വരവിങ്കൽ തിരുവചനത്തിലെ എല്ലാ പ്രവചനങ്ങളും വാഗ്ദത്തങ്ങളും പൂർത്തിയാകുമെന്ന് അവർ പ്രതീക്ഷിച്ചു. ഇന്നും സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ ഈ ദൃഢവിശ്വാസം മുറുകെ പിടിക്കുന്നു. ചുരുക്കത്തിൽ നമ്മുടെ പേര് "അഡ്വന്റിസ്റ്റ്" (പുനരാഗമനകാംക്ഷി) എന്നതു തന്നെ ഇത് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നു. ക്രിസ്തുവിനെ സ്നേഹിക്കുന്നവരെല്ലാം അവനുമായി മുഖാമുഖം കൂട്ടായ്മ ആചരിക്കുന്ന ആ നാളിനായി നോക്കിപ്പാർക്കുന്നു. യേശുക്രിസ്തുവിന്റെ രണ്ടാം വരവെന്ന വാഗ്ദത്തം അന്നുവരേയും ദൈവജനത്തെ ഒന്നാക്കുന്ന സ്വാധീനമാണ്.

**താഴെ കൊടുത്തിരിക്കുന്ന വേദഭാഗങ്ങളിൽ ക്രിസ്തുവിന്റെ മടങ്ങിവരവ് എങ്ങനെയാകുമെന്നാണ് പഠിപ്പിക്കുന്നത്? വീണ്ടും വരവിനെക്കുറിച്ച് മറ്റുചില സാധാരണ ചിന്തകളിൽ നിന്ന് ഇവ എങ്ങനെ വ്യത്യസ്തമാകുന്നു?**

അ.പ്ര.1:11; മത്താ. 24:26, 27; വെളി. 1:7; 1 തെസ്സ. 4:13-18; വെളി. 19:11-16.

വീണ്ടെടുക്കപ്പെട്ട തന്റെ ജനത്തെ അവകാശപ്പെടുവാനായി യേശു വീണ്ടും വരുമെന്ന് ബൈബിൾ തുടരെ ഉറപ്പു തരുന്നു. എപ്പോൾ സംഭവിക്കുമെന്നത് ഊഹാപോഹങ്ങൾക്കുള്ളതല്ല. യേശു തന്നെ പറഞ്ഞു, "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്താ.24:36). ക്രിസ്തു എപ്പോൾ വരുമെന്ന് അറിയില്ല എന്നു മാത്രമല്ല അതു നമ്മൾ അറിയേണ്ടതുമില്ല.

യേശു തന്റെ ശുശ്രൂഷയുടെ ഒടുവിൽ, പത്തു കന്യകമാരുടെ ഉപമ പറയുകയുണ്ടായി (മത്തായി 25:1-13). യേശുവിന്റെ രണ്ടാം വരവ് കാത്തിരിക്കുന്ന സഭയുടെ അനുഭവം വിവരിക്കാനാണ് അത് പറഞ്ഞത്. യേശുവിനെ കാത്തിരിക്കുന്നു എന്നു പറയുന്ന രണ്ടു തരം വിശ്വാസികളെയാണ് പത്തു കന്യകമാരിലെ രണ്ടു വിഭാഗം പ്രതിനിധീകരിക്കുന്നത്. പുറമെ നിന്നു നോക്കിയാൽ, ഇവർ ഒരുപോലെയാണെന്ന് തോന്നും. എന്നാൽ യേശുവിന്റെ വരവ് വൈകിയപ്പോൾ അവരിലെ അന്തരം വ്യക്തമാവുന്നു. ഒരു കൂട്ടർ പ്രതീക്ഷ കൈവിടാതെ ആവശ്യമായ ആത്മീയ ഒരുക്കമുള്ളവരായിരുന്നു. ഈ ഉപമയിലൂടെ യേശു ശിഷ്യന്മാരെ ഒരു കാര്യം പഠിപ്പിക്കാൻ ആഗ്രഹിച്ചു. ക്രിസ്തീയ അനുഭവമെന്നത് വൈകാരിക പ്രകോപനങ്ങളിലോ ആവേശങ്ങളിലോ നിലനിൽക്കേണ്ട ഒന്നല്ല. ദൈവവാഗ്ദത്തങ്ങൾ നിറവേറുമെന്ന് പ്രത്യക്ഷമായ തെളിവുക്കളൊന്നുമില്ലാതെ തന്നെ ദൈവകപയിലാശ്രയിക്കുകയും വിശ്വസത്തിൽ തുടരുകയുമാണ് ആ അനുഭവം എന്ന് യേശു പഠിപ്പിച്ചു. തന്റെ വരവിനായി എപ്പോഴും നോക്കിപ്പാർക്കാനായി ഇന്നും യേശു ക്ഷണിക്കുകയാണ്.

**"ഏഴാം ദിന പുനരാഗമന കാംക്ഷി" എന്ന പേരു സാക്ഷ്യപ്പെടുത്തും പോലെ രണ്ടാം വരവ് നമുക്ക് എത്ര നിർണ്ണായകമാണ്? വ്യക്തിപരമായി ഈ രണ്ടാം വരവിന്റെ യാഥാർത്ഥ്യത്തെ എങ്ങനെ ഉൾക്കൊള്ളാനാകും? വർഷങ്ങൾ പോകവെ പത്തു കന്യകമാരുടെ ഉപമയിൽ യേശു പറഞ്ഞതു പോലെയുള്ള തെറ്റ് അനുവർത്തിക്കാതിരിക്കാൻ നമുക്കെന്തു ചെയ്യാം?**

**ചൊവ്വ** **നവംബർ 20**

### സ്വർഗ്ഗീയ സമാഗമന കൂടാരത്തിൽ യേശുവിന്റെ ശുശ്രൂഷ

പഴയ നിയമത്തിൽ, ദൈവത്തിന് ഭൂമിയിൽ വസിക്കാൻ മോശയ്ക്ക് ദൈവം സമാഗമനകൂടാരം അഥവാ ആരാധനാസ്ഥലം ഉണ്ടാക്കുവാൻ നിർദ്ദേശം നൽകി (പുറ.25:8). സമാഗമനകൂടാര ശുശ്രൂഷകളിലൂടെയാണ് ഇസ്രായേൽ ജനം രക്ഷാകര പദ്ധതിയെക്കുറിച്ച് പഠിച്ചത്. പിന്നീട് ശലൊമോൻ രാജാവിന്റെ കാലത്ത് ചുമന്നുകൊണ്ടു നടന്നിരുന്ന സമാഗമനകൂടാരം അതിഗംഭീര ദൈവാലയമായി മാറി (1 രാജാ.5-8). സമാഗമനകൂടാരവും ദൈവാലയവും സ്വർഗ്ഗീയ സമാഗമനകൂടാരത്തിന്റെ, "മനുഷ്യനല്ല കർത്താവു സ്ഥാപിച്ച സത്യകൂടാരത്തിന്റെ" മാതൃകയിലായിരുന്നു (എബ്രാ.8:2 കൂടാതെ പുറ. 25:9, 40 കാണുക).

ദൈവത്തിന്റെ പ്രഥമ വാസസ്ഥലമായി സ്വർഗ്ഗീയസമാഗമന കൂടാരമുണ്ടെന്ന് ബൈബിളിലുടനീളം കാണാം. രക്ഷാകര പദ്ധതിയുടെയും യേശുവിന്റെ സ്വർഗ്ഗീയ സമാഗമന കൂടാര ശുശ്രൂഷയുടെയും "ചെറു പ്രവചനങ്ങളായിരുന്നു" ഭൗമസമാഗമനകൂടാര ശുശ്രൂഷകൾ.

**എബ്രായർ 8:6; 9:11,12,23–28; 1 യോഹന്നാൻ 1:9; 2:2 വായിക്കുക. യേശുവിന്റെ സ്വർഗ്ഗീയ മഹാപുരോഹിത ശുശ്രൂഷയെക്കുറിച്ച് ഈ തിരുവചന ഭാഗങ്ങൾ എന്തു പഠിപ്പിക്കുന്നു?**

സ്വർഗ്ഗാരോഹണശേഷം സ്വർഗ്ഗീയ സമാഗമനകൂടാരത്തിലാണ് ക്രിസ്തു നമ്മുടെ രക്ഷയ്ക്കായി മഹാപുരോഹിത ശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുന്നത് (എബ്രായർ 7:25). "അതുകൊണ്ട് കരുണ ലഭിക്കുവാനും തത്സമയത്തു സഹായത്തിനുള്ള കൃപ പ്രാപിക്കുവാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്ത് ചെല്ലുക" എന്നു നാം ഉത്തേജിപ്പിക്കപ്പെടുന്നു (എബ്രാ.4:16).

ഭൗമസമാഗമനകൂടാര ശുശ്രൂഷയിൽ രണ്ടു ഭാഗങ്ങൾ ഉണ്ടായിരുന്നതുപോലെ – ഒന്ന്: വിശുദ്ധസ്ഥലത്തെ ദിവസേനയുള്ള ശുശ്രൂഷയും, രണ്ട്: വർഷത്തിലൊരിക്കൽ അതിവിശുദ്ധസ്ഥലത്തെ ശുശ്രൂഷയും – സ്വർഗ്ഗീയ സമാഗമനകൂടാരത്തിലും രണ്ടു ഭാഗങ്ങളിലായി യേശുവിന്റെ ശുശ്രൂഷയെക്കുറിച്ച് തിരുവചനം വിവരിക്കുന്നു. സ്വർഗ്ഗീയസമാഗമന കൂടാരത്തിലെ വിശുദ്ധ സ്ഥലത്തെ ശുശ്രൂഷയുടെ സ്വഭാവ സവിശേഷത പക്ഷവാദം, പാപക്ഷമ, രമ്യതപ്പെടൽ, വീണ്ടെടുപ്പ് എന്നിവയാണ്. മാനസാന്തരപ്പെടുന്ന പാപികൾക്ക് യേശുവെന്ന മദ്ധ്യസ്ഥനിലൂടെ പിതാവിലേക്ക് പെട്ടെന്ന് എത്തിച്ചേരാം (1 യോഹ.2:1). 1844 മുതൽ സ്വർഗ്ഗീയ സമാഗമന കൂടാരത്തിന്റെ അതിവിശുദ്ധ സ്ഥലത്താണ് യേശുവിന്റെ ശുശ്രൂഷ. മഹാപാപപരിഹാര ദിവസം വർഷത്തിലൊരിക്കൽ നടന്നിരുന്ന ന്യായവിധിയും ശുദ്ധീകരണവും ആണ് ആ ശുശ്രൂഷയുടെ പ്രത്യേകത (ലേവ്യപുസ്തകം 16). സമാഗമന കൂടാരം ശുദ്ധീകരിക്കുന്ന ശുശ്രൂഷ യേശു ചൊരിഞ്ഞ രക്തത്തെ കൂടി ആധാരമാക്കിയുള്ളതാണ്. ആ ദിനത്തിൽ നടത്തിയിരുന്ന പാപപരിഹാര ചടങ്ങുകൾ വരാനിരുന്നതിന്റെ നിഴലായിരുന്നു. യേശു ക്രൂശിൽ ചെയ്തതിന്റെ അവസാന പ്രയോഗത്തിലൂടെ പാപത്തിന്റെ സാന്നിദ്ധ്യം തുടച്ചു നീക്കി, സർവ്വ ഭൂമിയെയും വീണ്ടെടുത്ത് ദൈവത്തിനു കീഴിൽ ഒത്തൊരുമയുള്ള ഒരൊറ്റ ഭരണകൂടം സ്ഥാപിക്കുക എന്ന ലക്ഷ്യം സാധിച്ചു. രക്ഷാകര പദ്ധതി മനസ്സിലാക്കുന്നതിന് അഡ്വന്റിസ്റ്റ് സഭയുടെ മാത്രമായ സവിശേഷ സംഭാവനയാണ് ഈ ദ്വിതല സമാഗമനകൂടാര ശുശ്രൂഷാ സിദ്ധാന്തം.

**ബുധൻ** **നവംബർ 21**

### ശബ്ബത്ത്

സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ വിശ്വസിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന മറ്റൊരു നിർണ്ണായക പഠനമാണ് ഏഴാം ദിന ശബ്ബത്ത്. നമുക്കിടയിൽ ഐക്യവും കൂട്ടായ്മയും കൊണ്ടുവരുന്ന സുപ്രധാന തത്വമാണിത്. ക്രിസ്തീയ

സഭാ മണ്ഡലങ്ങളിൽ വിരലിലെണ്ണാവുന്ന ചിലരെ മാറ്റി നിർത്തിയാൽ നമ്മൾ മാത്രം പിന്തുടരുന്ന ഒന്നാണിത്.

സൃഷ്ടിപ്പിന്റെ ആഴ്ച മുതൽ തന്നെ ദൈവം മനുഷ്യർക്കു നൽകിയ സമ്മാനമാണ് ശബ്ബത്ത് (ഉല്.2:1-3). സൃഷ്ടിപ്പിൽ മൂന്ന് സ്പഷ്ടമായ വിശുദ്ധ ക്രിയകളിലൂടെയാണ് ശബ്ബത്ത് സ്ഥാപിച്ചത്: (1) ദൈവം ശബ്ബത്തിൽ വിശ്രമിച്ചു, (2) ആ ദിനത്തെ അനുഗ്രഹിച്ചു, (3) അതിനെ വിശുദ്ധീകരിച്ചു. ഈ മൂന്നു പ്രവൃത്തികളും ശബ്ബത്തിനെ പ്രത്യേക സമ്മാനമായി സ്ഥാപിച്ചു. അത് മുഷ്യനെ ഭൂമിയിൽ സ്വർഗ്ഗം എന്ന യാഥാർത്ഥ്യത്തെ അനുഭവിക്കാൻ സഹായിക്കുന്നു. കൂടാതെ ദൈവത്തിന്റെ ആറുദിന സൃഷ്ടികർമ്മത്തെ ഉറപ്പിക്കുകയും ചെയ്യുന്നു. അബ്രഹാം ജോഷ്വ ഹെസ്കെൽ എന്ന അറിയപ്പെടുന്ന ജൂത റബ്ബി ശബ്ബത്തിനെ "സമയത്തിൽ ഒരു കൊട്ടാരം" എന്നാണ് വിളിച്ചത്- ദൈവം ഒരു പ്രത്യേക വിധത്തിൽ തന്റെ ജനവുമായി കണ്ടുമുട്ടുന്ന ഒരു വിശുദ്ധ ദിനം.

**ചുവടെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ മനുഷ്യകുലത്തിനു നൽകിയിരിക്കുന്ന ശബ്ബത്തിന്റെ അർത്ഥം മനസ്സിലാക്കാൻ എന്തു പഠിപ്പിക്കുന്നു? പുറപ്പാട് 20:8-11; ആവർത്തനപുസ്തകം 5:12-15; യെഹസ്കേൽ 20:12,20.**

യേശു കാണിച്ച മാതൃക (ലൂക്കൊ.4:16) പിന്തുടരാനുള്ള വാഞ്ഛയിൽ സെവൻത് ഡേ അഡ്വന്റിസ്റ്റുകാർ ഏഴാം ദിന ശബ്ബത്ത് അനുസരിക്കുന്നു. ശബ്ബത്താരാധനകളിൽ പങ്കെടുക്കുക വഴി യേശു ആ ദിവസത്തെ വിശ്രമത്തിനും ആരാധനയ്ക്കുമുള്ളതായി ഉറപ്പിക്കുന്നു. യേശുവിന്റെ ചില അത്ഭുതങ്ങൾ ശബ്ബത്തിലായിരുന്നു. ശബ്ബത്ത് ആഘോഷത്തിന്റെ അനുഭവത്തിൽ നിന്നാണ് രോഗസൗഖ്യം (ആത്മീയവും ശാരീരികവും) വരുന്നതെന്ന് പഠിപ്പിക്കാനായിരുന്നു അത് (ലൂക്കൊ. 13:10-17 കാണുക). അപ്പൊസ്തലന്മാരും ആദിമക്രൈസ്തവരും യേശു ശബ്ബത്ത് നിർത്തലാക്കിയില്ലെന്ന് മനസ്സിലാക്കിയിരുന്നു. അവർ തന്നെ ആചരിക്കുകയും അത് അനുസരിക്കുകയും അന്നേ ദിവസം ആരാധനാ ശുശ്രൂഷകളിൽ പങ്കെടുക്കുകയും ചെയ്തു (അ.പ്ര.13:14,42,44; 16:13; 17:2; 18:4).

പാപത്തിൽ നിന്നുള്ള വിടുതലിനുള്ള അടയാളമാണെന്നതാണ് ശബ്ബത്തിന്റെ മറ്റൊരു മനോഹാരിത. ഇസ്രായേലിനെ ഈജിപ്തിലെ അടിമത്തത്തിൽ നിന്ന് കാനാനിലെ വാഗ്ദത്ത ദേശത്തെ വിശ്രമത്തിലേക്ക് കൊണ്ടുവന്ന ദൈവരക്ഷയുടെ അടയാളവുമാണ് ശബ്ബത്ത് (ആവ.5:12-15). തുടർച്ചയായ അനുസരണക്കേടും വിഗ്രഹാരാധനയും നിമിത്തം ഈ വിശ്രമത്തിലേക്ക് ഇസ്രായേലിനു പൂർണ്ണമായി പ്രവേശിക്കാൻ ആയില്ലെങ്കിലും, ദൈവം വീണ്ടും വാഗ്ദാനം ചെയ്യുന്നു, "ആകയാൽ ദൈവത്തിന്റെ ജനത്തിന് ഒരു ശബ്ബത്തനുഭവും ശേഷിച്ചിരിക്കുന്നു" (എബ്രാ.4:9). ആ വിശ്രമത്തിൽ പ്രവേശിക്കാൻ ആഗ്രഹിക്കുന്ന ഏവനും യേശു പ്രദാനം ചെയ്യുന്ന രക്ഷയിലുള്ള വിശ്വാസത്താൽ അതിൽ പ്രവേശിക്കാം. ശബ്ബത്തനുസരണം ക്രിസ്തുവിലുള്ള ആത്മീയ വിശ്രമത്തെ സൂചിപ്പിക്കുന്നു. പ്രവർത്തിയിലല്ല ദൈവകൃപയൊന്നിൽ മാത്രം ആശ്രയിച്ചാണ് നമുക്ക് പാപമോചനം നൽകി രക്ഷ കൈവരുന്നതെന്നതിനു കൂടി ഇത് പ്രതീകമാക്കുന്നു. (എബ്രാ.4:10, മത്താ.11:28-30)

**ക്രിസ്തു തന്റെ ജനത്തിന് ഉണ്ടാകണം എന്നാഗ്രഹിക്കുന്ന ഐക്യവും കൂട്ടായ്മയും അനുഭവിക്കാൻ ശബ്ബത്ത് ഏതെല്ലാം വിധത്തിൽ നിങ്ങളെ സഹായിച്ചിട്ടുണ്ട്?**

**വ്യാഴം** **നവംബർ 22**

## മരണവും ഉത്ഥാനവും

സൃഷ്ടിപ്പിൽ, "യഹോവയായ ദൈവം നിലത്തെ പൊടികൊണ്ട് മനുഷ്യനെ നിർമ്മിച്ചിട്ട് അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു" (ഉല്.2:7). ജീവൻ ദൈവത്തിൽ നിന്ന് വരുന്നുവെന്ന് മനുഷ്യസൃഷ്ടിയുടെ ഈ വിവരണം വെളിപ്പെടുത്തുന്നു. അമർത്യത എന്നത് ജീവിതത്തിന്റെ ഒരു സ്വാഭാവികതയാണോ? ബൈബിൾ പറയുന്നു ദൈവം മാത്രമാണ് അമർത്യൻ (1 തിമൊ.6:16); മനുഷ്യന് ജനനത്തിൽ അമർത്യത ലഭിക്കുന്നില്ല. ദൈവത്തിൽ നിന്ന് കടകവിരുദ്ധമായി മനുഷ്യർ മർത്യരാണ്. സുവിശേഷം നമ്മുടെ ജീവിതത്തെ താരതമ്യം ചെയ്യുന്നത്, "അൽപനേരത്തേക്കു കാണുന്നതും പിന്നെ മറഞ്ഞുപോകുന്നതുമായ ആവിയല്ലോ" (യാക്കോബ് 4:14). മരിക്കുമ്പോഴോ ഉറക്കാവസ്ഥയിലാകുന്നു, യാതൊരു ബോധവുമില്ലാത്ത അവസ്ഥ. (സഭാ.9:5,6,10; സങ്കീ.146:4; സങ്കീ.115:17; യോഹ.11:11–15).

ജനിക്കുന്നത് മൃതരായിട്ടും മരണത്തിനുള്ളവരായിട്ടും എങ്കിലും യേശു വിനെ അമർത്യതയുടെ സ്രോതസ്സെന്ന് ബൈബിൾ പറയുന്നു. രക്ഷയിൽ വിശ്വസിക്കുന്ന ഏവനും അമർത്യതയും നിത്യജീവനും യേശു വാഗ്ദത്തം നൽകുന്നു. "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നെ" (റോമ.6:23). യേശു, "ഇപ്പോൾ മരണം നീക്കുകയും സുവിശേഷം കൊണ്ടു ജീവനും അക്ഷയതയും വെളിപ്പെടുത്തുകയും ചെയ്തു" (2 തിമൊ.1:10). "തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു" (യോഹ.3:16). അതിനാൽ മരണാനന്തര ജീവിതത്തിന് പ്രതീക്ഷയുണ്ട്.

**1 കൊരിന്ത്യർ 15:51–54 കൂടാതെ 1 തെസ്സലൊന്യർ 4:13–18 വായിക്കുക. മരണാനന്തര ജീവിതത്തെക്കുറിച്ച് ഈ വാക്യങ്ങൾ എന്തു പറയുന്നു? എപ്പോഴാണ് മനുഷ്യർക്ക് അമർത്യത ലഭിക്കുന്നത്?**

മരണസമയത്തല്ല അന്ത്യകാഹളനാദം മുഴങ്ങുമ്പോൾ ഉയർത്തെഴുന്നേൽപിലാണ് ജനത്തിനുമേൽ ദൈവം അമർത്യത വർഷിക്കുന്നതെന്ന് പൗലൊസ് അപ്പൊസ്തലൻ വ്യക്തമാക്കുന്നു. യേശുവിനെ രക്ഷിതാവായി സ്വീകരിക്കുമ്പോൾ തന്നെ വിശ്വാസികൾക്ക് നിത്യജീവൻ കൈവരുന്നുവെങ്കിലും ഉയർത്തെഴുന്നേൽപിന്റെ സമയത്താണ് അമർത്യത ലഭിക്കുന്നത്. മരിക്കുമ്പോൾ തന്നെ ആത്മാവ് സ്വർഗ്ഗത്തിലേക്ക് പോകുന്നതിനെപ്പറ്റി പുതിയനിയമത്തിൽ ഒരു വാക്യം പോലുമില്ല. പൗരാണിക

ഗ്രീക്കു തത്വചിന്തയിൽ നിന്നുണ്ടായ വിഗ്രഹാരാധനയിലാണ് ഈ പഠിപ്പിക്കലിന്റെ വേരുകൾ. പഴയ പുതിയ നിയമങ്ങളിൽ ഇങ്ങനൊന്ന് കാണാനാവില്ല.

**മരണത്തെക്കുറിച്ചുള്ള നമ്മുടെ അറിവ് രണ്ടാം വരവെന്ന വാഗ്ദത്തത്തെ മനസ്സിലാക്കാൻ എങ്ങനെ സഹായിക്കുന്നു? ഈ വിശ്വാസം അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമ്മെ എങ്ങനെ ഒന്നിപ്പിക്കുന്നു?**

**വെള്ളി** **നവംബർ 23**

**കൂടുതൽ പഠനം:** *എലൻ ജി. വൈറ്റ്, "ദി ഫൗണ്ടേഷൻസ് പില്ലേഴ്സ് ആൻഡ് ലാൻഡ്മാർക്സ്", പേജ് 28-32, കൗൺസൽസ് റ്റു റൈറ്റേഴ്സ് ആൻഡ് എഡിറ്റേഴ്സിൽ നിന്ന്. "ഇംപോർടൻസ് ഓഫ് ഡോക്ട്രൈൻസ്" എന്ന ലേഖനം വായിക്കുക, പേജ് 778, 779, എലൻ ജി വൈറ്റ് എൻസൈക്ലോപീഡിയയിൽ നിന്ന്.*

"സെവൻത് ഡേ അഡ്വന്റിസ്റ്റുകാരെന്ന നിലയിൽ നമ്മൾ പല പ്രധാന വിശ്വാസങ്ങളും മറ്റ് ചില ക്രൈസ്തവ സമൂഹങ്ങളുമായി പങ്കിടുന്നു. അതിൽ പ്രധാനം, നമുക്കു പകരം യേശു ചെയ്ത പാപപരിഹാരബലിയിലെ വിശ്വാസത്താൽ കൈവരുന്ന രക്ഷയാണ്. നമ്മുടെ നീതി നമ്മുടെ പ്രവൃത്തികളിലല്ല, ക്രിസ്തുവിന്റെ നീതിയിലാണ് എന്ന് മറ്റു ക്രിസ്ത്യാനികൾക്കൊപ്പം നമ്മളും വിശ്വസിക്കുന്നു. അത് കൃപയുടെ അനർഹമായ അമൂല്യ സമ്മാനമായാണ് നൽകിയിരിക്കുന്നത്. അല്ലെങ്കിൽ, വളരെ പ്രാമുഖ്യമുള്ള എലൻ ജി. വൈറ്റ് എഴുത്തിൽ പറയുന്ന പോലെ "ക്രിസ്തു അർഹിക്കും വിധം നമ്മെ കൈകാര്യം ചെയ്യേണ്ടതിന്, നാം അർഹിക്കുന്നതു പോലെ ക്രിസ്തുവിനെ കൈകാര്യം ചെയ്തു. അവന് ഓഹരിയില്ലാത്ത നമ്മുടെ പാപങ്ങൾക്കുവേണ്ടി അവൻ വിധിക്കപ്പെട്ടു. എന്തിനെന്നോ? നമുക്ക് ഓഹരിയില്ലാത്ത ആ നീതിയാൽ നമ്മൾ നീതീകരിക്കപ്പെടുന്നതിനു വേണ്ടി. മരണം നമ്മുടേതായിരുന്നു, അതവൻ സഹിച്ചു. എന്തിനെന്നോ? അവന്റേതായിരുന്ന ജീവൻ നമുക്കു ലഭിക്കാൻ വേണ്ടി." – *ദി ഡിസയർ ഓഫ് ഏജസ്, പേജ് 25.* അതേസമയം തന്നെ നമ്മുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങൾ ഒന്നടങ്കം എടുത്താൽ, അതിൽ നിന്നുരുത്തിരിയുന്ന ശീലങ്ങളും ജീവിതരീതിയും നോക്കിയാൽ ക്രിസ്തീയ ലോകത്ത് നമ്മൾ അതിവിശിഷ്ടരാണ്. അതങ്ങനെതന്നെയാണ് വേണ്ടതും; അല്ലെങ്കിൽ എന്തിനു നാം നിലനിൽക്കണം? പിന്നെ സെവൻത് ഡേ അഡ്വന്റിസ്റ്റുകാരാണെന്നു എന്തിന് പറയണം? നമുക്ക് യേശുവിനോടുള്ള സ്നേഹവും നാം ഘോഷിക്കുന്ന സത്യങ്ങളും ഒന്നിപ്പിക്കുന്ന അതിശക്തമായ ഘടകങ്ങളാവണം നമ്മുടെ ഇടയിൽ.

**ചർച്ച**

1. **ഫെയ്ത് ആൻഡ് വർക്സ് എന്ന പുസ്തകത്തിൽ പേജ് 103-ൽ എലൻ ജി. വൈറ്റ് നീതീകരണത്തെ പാപമോചനവുമായി തുലനം ചെയ്യുന്നു. ക്രിസ്തുവിലാണ് നമ്മുടെ പാപമോചനവും നീതീകരണവും. അങ്ങനെയെങ്കിൽ സഹോദരീ സഹോദരന്മാർ തമ്മിൽ എത്രമാത്രം കൂട്ടായ്മയും ഒത്തൊരുമയും ഉണ്ടാകണം?**

2. **സഭൈക്യത്തിന്റെ പശ്ചാത്തലത്തിൽ നമ്മുടെ വിശ്വാസപ്രമാണങ്ങൾ എത്ര മാത്രം പ്രാധാന്യമുള്ളതാണെന്ന് ചിന്തിച്ചു നോക്കുക. അതായത്, മറ്റുള്ള വരുമായി പങ്കുവച്ച ഏതാനം വിശ്വാസ സിദ്ധാന്തങ്ങൾ കൂടാതെ വിവിധ വംശ, മത, രാഷ്ട്രീയ, സാംസാക്കാരിക പശ്ചാത്തലങ്ങളിൽ നിന്നുള്ള ദശ ലക്ഷക്കണക്കിനാളുകളെ ഒന്നിപ്പിച്ചത് എന്താണ്? വിശ്വാസ പ്രമാണങ്ങൾ സുവിശേഷ വേലയ്ക്കും ദൈവീകദൂതിനും മാത്രമല്ല സഭൈക്യത്തിനും പ്രധാനമാണെന്ന് നമുക്ക് എങ്ങനെ മനസ്സിലാക്കിത്തരുന്നു?**
3. **നമ്മുടെ പേര്, "സെവൻത് ഡേ അഡ്വന്റിസ്റ്റ്" എന്നത് രണ്ടു നിർണ്ണായക പഠിപ്പിക്കലുകളിലേക്ക് വിരൽ ചൂണ്ടുന്നു–ഏഴാം ദിന ശബ്ബത്തും രണ്ടാം വരവും. നമ്മുടെ പേരിന്റെ ഒരു ഭാഗം സൃഷ്ടിപ്പിനെയും മറ്റേത് വീണ്ടെടു പ്പിനെയും സൂചിപ്പിക്കുന്നു. എപ്രകാരമാണ് ഈ രണ്ട് പഠനങ്ങളും ബന്ധ പ്പെട്ടിരിക്കുന്നത്. ഒരു ജനമെന്ന നിലയിൽ ആരാണെന്നതിന്റെ അന്തഃസത്തയുടെ സംക്ഷിപ്തമായി ഈ രണ്ടു പഠിപ്പിക്കലുകളും ഒരുമിച്ച് എങ്ങനെ സ്ഥാപിക്കുന്നു?**

**സംഗ്രഹം:** സെവൻത് ഡേ അഡ്വന്റിസ്റ്റുകൾ പൊതുവിൽ ധാരാളം അടിസ്ഥാന വിശ്വാസപ്രമാണങ്ങൾ മുറുകെപ്പിടിക്കുന്നു. ചിലത് നാം മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നവയാണ്, മറ്റു ചിലത് അങ്ങനെയല്ല താനും. മൊത്തത്തിൽ എടുത്താൽ ഈ പഠിപ്പിക്കലുകൾ ഒരു സവിശേഷ സഭയെന്ന നിലയിൽ നമ്മുടെ അസ്തിത്വമാകുന്നു, യേശുക്രിസ്തുവിലെ ഐക്യത്തിന്റെ അടിസ്ഥാനവുമാകുന്നു.

****